(സി) ഇപ്രകാരം സ്വീകരിച്ച തുക, ബോർഡിന്റെ വിവിധ നിർമ്മാണ/വായ്പാ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിച്ചു. ഇതിൽ നിന്നുള്ള വരുമാനം മൈത്രീ പദ്ധതി പ്രകാരം നൽകിയ വായ്പയുടെ തിരിച്ചടവിനായി ഉപയോഗിക്കുന്നു.

(ഡി) വായ്പയുടെ തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനാണ് നിക്ഷേപ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ നിന്നും ബോർഡ് ലാഭം പ്രതീക്ഷിക്കുന്നില്ല.

153 (1374) എറണാകുളം റവന്യൂ ടവറിന്റെ പണി

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ഡോ. എം.എ. കുട്ടപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം റവന്യൂ ടവറിന്റെ പണി എന്തു തുകയ്ക്കാണ് കരാർ നൽകിയത്;

(ബി) പ്രസ്തുത പണിയുടെ എസ്റ്റിമേറ്റ് എത്രയായിരുന്നു;

(സി) എസ്റ്റിമേറ്റിനേക്കാൾ വർദ്ധിച്ച തുകയ്ക്ക് കരാർ നൽകാനുണ്ടായ കാരണമെന്താണ്;

(ഡി) റവന്യൂ ടവറിന്റെ ഒറിജിനൽ പ്ലാൻ അനുസരിച്ച് അതിന് അണ്ടർ ഗ്രൗണ്ട് സെല്ലാർ ഉണ്ടായിരുന്നുവോ; ഇതിന് അണ്ടർ ഗ്രൗണ്ട് സെല്ലാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ആവശ്യം എന്തായിരുന്നു;

(ഇ) അതിനുവേണ്ടി എന്തു തുക ചെലവായി;

(എഫ്)ഈ റവന്യൂ ടവറിന്റെ ഒറിജിനൽ പ്ലാനിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തി;

(ജി) മാറ്റം വരുത്തിയതിന്റെ ഫലമായി എന്തു തുക അധിക ചെലവു വരും;

(എച്ച്) റവന്യൂ ടവറിന് ഉണ്ടാക്കിയ സെല്ലാർ കടൽനിരപ്പിനും താഴെയാണോ ഉണ്ടാക്കിയത്; എങ്കിൽ അതിൽ വെള്ളം കയറുവാനുള്ള സാദ്ധ്യതയുണ്ടായിരുന്നുവോ;

(ഐ) വെള്ളം കയറുന്നത് തടയുവാൻ എന്തു തുക ചെലവായി?

<u>ഉത്തരം</u>

(എ) 12,49,80,086/- രൂപയ്ക്ക്.

(ബി) 9,29,06,922/- രൂപ

(സി) ടി പണിയ്ക്ക് 25.8.1995-ൽ ദർഘാസുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച 5 ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായ 82% ദർഘാസ് വർദ്ധനവ് സമർപ്പിച്ചത് 'മെയ്ഡേശിൽപി' കൺസ്ട്രക്ഷനായിരുന്നു. തുടർന്നുള്ള കൂടിയാലോചനയിൽ ടിയാൽ 2% കുറച്ച് 50% വർദ്ധനവിൽ ടി പണിചെയ്യാമെന്ന് സമ്മതിച്ച പ്രകാരം 92 ഷെഡ്യൂൾ റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയും 50% ദർഘാസ് വർദ്ധനവും (ഡിപ്പാർട്ട്മെന്റ് സാധനങ്ങളുടെ വിലയൊഴികെ) ചേർത്ത് 12,49,80,086/- രൂപയ്ക്ക് ടി പണി ബോർഡ് അവാർഡ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

1992 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിൽ ടി. ദർഘാസ് ശതമാനം ന്യായമാണെന്ന് കണ്ടതിനാലാണ് പ്രസ്തുത പണി എസ്റ്റിമേറ്റിനേക്കാൾ വർദ്ധിച്ച തുകയ്ക്ക് 7.11.1995-ൽ കരാർ നൽകിയത്.

(ഡി) റവന്യൂ ടവറിന്റെ ഒറിജിനൽ പ്ലാനനുസരിച്ച് അണ്ടർ ഗ്രൗണ്ട് സെല്ലാർ ഉണ്ടായിരുന്നു. അതിൻപ്രകാരം സെല്ലാർ പണിതിട്ടുണ്ട്. കടകൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചാണ് അണ്ടർ ഗ്രൗണ്ട് സെല്ലാർ പണിതത്.

(ഇ) 66 ലക്ഷം രൂപ.

(എഫ്) റവന്യൂ ടവറിന്റെ ഒറിജിനൽ പ്ലാനിൽ 15 നിലകൾ (സെല്ലാർ + ഗ്രൗണ്ട് + 13 നിലകൾ) ഉണ്ടായിരുന്നു. ലോക്കൽ അതോറിറ്റിയുടെ അനുമതിക്കായി സമർപ്പിച്ചപ്പോൾ അതിൽ ചില ഒഴിവാക്കലുകൾ അത്യാവശ്യമായി വരികയും 15.4.1997-ൽ ഒഴിവാക്കൽ ഉത്തരവിൽ മൊത്തം 14 നിലകൾ (സെല്ലാർ + ഗ്രൗണ്ട് + 12 നിലകൾ) നിർമ്മിക്കുവാൻ മാത്രമേ സർക്കാർ അനുമതി ലഭിച്ചുള്ളൂ. അതിൻപ്രകാരം ഓഫീസ് ഏരിയ ആയി വിഭാവനം ചെയ്തിട്ടുള്ള മുകളിലത്തെ ഒരു നില കുറച്ച് പ്ലാൻ പുതുക്കുകയുണ്ടായി. അതനുസരിച്ചാണ് പണി പുരോഗമിച്ചുവരുന്നത്.

(ജി) അധിക ചെലവൊന്നും വന്നിട്ടില്ല.

(എച്ച്) സെല്ലാർ കടൽ നിരപ്പിന് താഴെ ആണ് ഉണ്ടാക്കിയത്. കടലിനു വളരെയടുത്ത് കടൽനിരപ്പിനു താഴെ പണിയുന്ന എല്ലാ സ്ഥലത്തും വെള്ളത്തിന്റെ ഊറ്റ് അനുഭവപ്പെടാൻ സാദ്ധ്യതയുണ്ട്.

(ഐ) ടി പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സെല്ലാർ ഫ്ളോറിന്റെ വശങ്ങളിലെ ചുവരുകളിൽ മാത്രം വാട്ടർ പ്രൂഫിംഗ് ചെയ്യുന്നതിനായി 5.77 ലക്ഷം രൂപയുടെ (ദർഘാസ് വർദ്ധനവ് ഉൾപ്പെടെ) പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സെല്ലാർ ഫ്ളോറിന്റെ മണ്ണ് മാറ്റിയപ്പോൾ കണ്ട വെള്ളത്തിന്റെ ഊറ്റും മർദ്ദവും കണക്കിലെടുത്തപ്പോൾ ഫ്ളോറിലും കൂടി വാട്ടർ പ്രൂഫിംഗ് ചെയ്യേണ്ടത് അനിവാര്യമാണെന്ന വിദഗ്ദ്ധ അഭിപ്രായം കണക്കിലെടുത്ത് തറയിലും ചുവരുകളിലും വാട്ടർ പ്രൂഫിംഗ് ചെയ്യുവാൻ തീരുമാനിക്കുകയുണ്ടായി. ഇതിന് ഏകദേശം 23 ലക്ഷം രൂപ ചെലവ് വരും.

154 (1375) റാന്നിയിലെ റവന്യൂ ടവർ നിർമ്മാണം

<u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവണ്മെന്റിന്റെ കാലത്ത് റാന്നിയിൽ റവന്യൂ ടവർ പണിയുവാൻ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ തറക്കല്ലിടുകയുണ്ടായോ;

(ബി) എങ്കിൽ എന്നാണ് കല്ല് ഇട്ടത്;

(സി) കല്ലിടുന്നതിന് മുൻപ് റവന്യൂ ടവറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ; ഈ പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നോ; ആരാണ് കരാർ ഏറ്റെടുത്തത്;

(ഡി) റവന്യൂ ടവർ നിർമ്മാണത്തിന് കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിരുന്നോ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യാതെ നിർമ്മാണത്തിന് തറക്കല്ലിട്ടതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly